(ഡി)	ഡി.ജി.പി.	-	1
	എ.ഡി.ജി.പി.	-	5
	ഐ.ജി.പി.	-	5
	ഡി.ഐ.ജി.	-	11
	എസ്.പി./സി.പി./കമാണ്ടന്റ്	-	57

പോലീസ് സേനയിലെ നിയമനം

82 (83) ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയിൽ എത്ര ആളുകളെ പുതുതായി നിയമിച്ചിട്ടുണ്ട് ;

(ബി) ഇപ്പോൾ പോലീസ് സേനയിൽ വിവിധ വിഭാഗങ്ങളിലായി എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(സി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ഡി) പോലീസ് സേനയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തസ്തികകളിലേക്ക് ഏതെങ്കിലും ഒഴിവുകൾ നികത്തുവാനുണ്ടോ ; ഉണ്ടെങ്കിൽ അത്തരം ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആംഡ് പോലീസ് ബറ്റാലിയനിലേക്ക് 9292 പോലീസ് കോൺസ്റ്റബിൾമാരെ പുതുതായി നിയമിച്ചിട്ടുണ്ട്.

(ബി)

ജനറൽ എക്സിക്യൂട്ടീവ്	
ഡി.വൈ.എസ്.പി.	2
സി.ഐ.	21
എ.പി. ബറ്റാലിയൻ	
ഡെപ്യൂട്ടി കമാണ്ടന്റ്	3
അസിസ്റ്റന്റ് കമാണ്ടന്റ്	4
എ.പി.ഐ.	14
ജില്ലാ സായുധ സേന	
കമാണ്ടന്റ്	1
അസിസ്റ്റന്റ് കമാണ്ടന്റ്	5
ആർ.ഐ.	11
ആർ.എസ്.ഐ.	13

പോലീസുകാരുടെ ഒഴിവു വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. നേരിട്ടു നിയമനം നടത്തേണ്ട ഒഴിവുകൾ കാലാകാലം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

(ഡി) അത്തരം ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അവ നികത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

പോലീസ് ഉദ്യോഗസ്ഥന്മാരുടെ വിദേശ സന്ദർശനം

83 (84) ശ്രീ. എം. കെ. മുനീർ :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എത്ര പോലീസ് ഉദ്യോഗസ്ഥന്മാർ വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട് ;

(ബി) ഇവരുടെ സന്ദർശനോദ്ദേശ്യം എന്തായിരുന്നു ;

(സി) ഔദ്യോഗികാവശ്യങ്ങൾക്കായി പോയവരെത്ര ;

(ഡി) സ്വകാര്യാവശ്യത്തിനായി പോയ്വരെത്ര ; ആരെല്ലാം ;

(ഇ) ഇവരിൽ ആഫീസർമാർ എത്ര ; കോൺസ്റ്റബിൾമാർ എത്ര ?

ഉത്തരം

(എ -ഇ) വിവരം ശേഖരിച്ചുവരുന്നു.

പോലീസ് ഉദ്യോഗസ്ഥരുടെ വിദേശ പര്യടനം

84 (85) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം എസ്.പി. റാങ്കിലോ അതിനു മുകളിലോ ഉള്ള എത്ര പോലീസ് ഉദ്യോഗസ്ഥൻമാർ തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട് ;

(ബി) ഇവർ ആരെല്ലാമെന്ന് പറയുമോ ; അവർ ഏതെല്ലാം തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ സന്ദർശിച്ചുവെന്ന് പറയുമോ ;

(സി) ഈ രാജ്യങ്ങൾ സന്ദർശിച്ചതിന്റെ ഉദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു എന്നു വിശദമാക്കാമോ ;

(ഡി) ഈ രാജ്യങ്ങൾ സന്ദർശിച്ച പേരിൽ അവർ ഒരോരുത്തരും എത്ര ടി.എ., ഡി.എ., എന്റർടെയിൻമെന്റ് അലവൻസ് എന്നിവ പറ്റിയിട്ടുണ്ട് ;

(ഇ) ഈ സന്ദർശനത്തിനുവേണ്ടി അവർ ഓരോരുത്തരും എന്തു തുകയ്ക്കുള്ള ഫോറിൻ കറൻസി നേടിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly